# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 – 26’

### ഹോളി  ഇൻഫെന്റ്സ് ഹൈസ്കൂൾ ,വരാപ്പുഴ

Prepared by school resource group ,HIHS VARAPUZHA 2025-2026

## സ്കൂൾ വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഹോളി ഇൻഫന്റ്സ് ഹൈസ്കൂൾ , വരാപ്പുഴ |
| സ്കൂൾ കോഡ് | : 25079 |
| വിദ്യാഭ്യാസ ഉപജില്ല | : ആലുവ |
| വിദ്യാഭ്യാസ ജില്ല | : ആലുവ |
| റവന്യൂ ജില്ല | : എറണാകുളം |
| ഗ്രാമ പഞ്ചായത്ത് | : വരാപ്പുഴ ഗ്രാമപഞ്ചായത്ത് |
| സ്ഥാപിതം | : 1909 |
| വിദ്യാലയത്തിന്റെ വിഭാഗം | : എയ്ഡഡ് പൊതുവിദ്യാലയം |
| മാനേജ്മെന്റ് | : കർമ്മലീത്താസഭ, മഞ്ഞുമ്മൽ പ്രോവിൻസ് |

ലൊക്കേഷൻ : വരാപ്പുഴ ലാൻഡിങ്

## വിദ്യാലയചരിത്രം അടയാളപെടുത്തു മ്പോൾ ------------

**നൂ**റ്റിപ്പത്ത് വർഷം മുൻപ് കർമ്മലീത്താമിഷണറിയായി സ്പെയിനിൽനിന്നും കേരളക്കരയിലെത്തിയ ഫാദർ വിൻസന്റ് സ്ഥാപിച്ച പള്ളിക്കൂടമാണ് ഇന്ന് മഞ്ഞുമ്മൽ കർമ്മലീത്താസഭയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഹോളിഇൻഫന്റ്സ് ബോയ്സ് ഹൈസ്കൂൾ . ഉന്നതമായ അക്കാദമീകനിലവാരം കാത്തുസൂക്ഷിക്കുന്ന പൊതുവിദ്യാലയമാണ് ഇത് .1984 ൽ ജില്ലയിൽതന്നെ പ്രശംസനീയമായ വിജയം നേടിയെടുത്ത് പൊതു സമൂഹത്തിൽ ശ്രദ്ധനേടി ഈ ഗ്രാമവിദ്യാലയം .അന്നുമുതൽ ഇന്നുവരെ ഉന്നത അക്കാദമീകനിലവാരം കാത്തുസൂക്ഷിക്കാൻ സ്ഥാപനത്തിനായിട്ടുണ്ട് .

വരാപ്പുഴ അതിരൂപത , തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ , വിവിധ സാമൂഹ്യ സാംസ്കാരിക സംഘടനകൾ ,കോർപ്പറേറ്റീവ് സ്ഥാനങ്ങൾ മുതലായവർ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ കാലാകാലങ്ങളിൽ ഈ വിദ്യാലയത്തിന് സ്വന്തമായിരുന്നു.ഈ വിദ്യാലയം എറണാകുളം ജില്ലയിൽ ആലുവ വിദ്യാഭ്യാസ ജില്ലയിലാണ് നിലകൊള്ളുന്നത് . ലോവർപ്രൈമറി അപ്പർ പ്രൈമറി , ഹൈസ്കൂൾ എന്നീവിഭാഗങ്ങളിലായി നാന്നൂറോളം കുട്ടികൾ പഠിക്കുന്നു. ബോയ്സ് സ്കൂൾആയിരുന്നെങ്കിലും 2024 ൽ വിദ്യാലയത്തിൽ പെൺകുട്ടികൾക്കു കൂടി പ്രേവേശനത്തിനുള്ള ഗവൺമെന്റ്അംഗീകാരം ലഭിച്ചു . രണ്ട് കെട്ടിടങ്ങളിലായാണ് സ്കൂൾ നടത്തിവരുന്നത് . പൊതുവിദ്യാഭ്യാസം കേരളത്തിലെ വിദ്യാലയങ്ങളിൽനടപ്പാക്കുന്ന വിവിധ വിഷയങ്ങൾ ഈ വിദ ്യാലയത്തിപഠിപ്പിച്ചുപോരുന്നു. മാതൃഭാഷ , രാഷ്ട്രഭാഷ , ഇംഗ്ലീഷ് , ശാസ്ത്രമാനവീക വിഷയങ്ങൾ , കലാ-കായിക വിഷയങ്ങൾ എന്നിവയാണ് കരിക്കുലത്തിൽഉൾപ്പെടുത്തിയിട്ടുള്ള അക്കാദമീകവിഷയങ്ങൾ . ഈ അധ്യയന വർഷം മുതൽ സ്കൂൾ സമയക്രമം 9.30

മുതൽ 3.30 വരെ ആണെങ്കിലും രാവിലെ 8 മണി മുതൽ വൈകീട്ട് 4.45 വരെ സ്പെഷ്യൽ ക്ലാസുകൾ കൃത്യമായി നടന്നു പോരുന്നു അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു.

## ഹോളി ഇൻഫന്റ്സ് ഹൈസ്കൂൾ ............ ഇന്ന്

ലോവർ പ്രൈമറി അധ്യാപകരും, അപ്പർ പ്രൈമറി അധ്യപകരും, ഹൈസ്കൂൾ അധ്യപകരും,ഹെഡ്മാസ്റ്റർ ക്ലാർക്ക്, ഓഫീസ് അറ്റൻഡർ ,മിനിയൽ സ്റ്റാഫ് ഉൾപ്പടെ സ്റ്റാഫ് ആണ് വിദ്യാലയത്തിൽനിലവിൽ ഉള്ളത്. ഗ്രാമീണതയുടെ എല്ലാ മനോഹാരിതയും ഉള്ള വിദ്യാലയം.... ബോയ്സ് ഹൈസ്കൂൾ ആയിരുന്നതുകൊണ്ട് ഇപ്പോഴും ആണ്കുട്ടികളാണ് കൂടുതലും .... എല്ലാവരും തന്നെ സൈക്കിൾ
ഉപയോഗിക്കുന്നവർ .

പെരിയാർ പുഴയുടെ തീരത്താണ് സ്കൂളിന്റെ വിശാലമായ കളിസ്ഥലം അത്‌ലറ്റിക് ഉൾപ്പടെ എല്ലാ സ്പോർട്സ് മത്സരങ്ങൾക്കും കുട്ടികൾക്കു കോച്ചിങ് നൽകുന്നുണ്ട് .ആഴ്ചയിൽ ഒരു ദിവസം കുട്ടികൾക്കു വയലിൻ ,ഗിറ്റാർ, പിയാനോ ,കരാട്ടെ ,ഡാൻസ് എന്നിവയിൽ കോച്ചിങ് നൽകപ്പെടുന്നു .വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഒരു സ്കൂൾ ബാൻഡ് ഉം വിദ്യാലയത്തിന് സ്വന്തം .

പ്രവർത്തി പരിചയ മേളയിലും ,ഐ ടി മേളകളിലും ,നീന്തൽ മത്സരങ്ങളിലും ഞങ്ങളുടെ മിടുക്കൻമാർ സംസ്ഥാനതലം വരെ എത്താറുണ്ട് .വളരെ മികച്ച രീതിൽ പ്രേവർത്തിക്കുന്ന ഓരോ ബാച്ച് ലും നാൽപതു കുട്ടികൾവീതമുള്ള ലിറ്റിൽ കൈറ് യൂണിറ്റ് വിദ്യാലയത്തിൽ ഉണ്ട് . ജൂനിയർ റെഡ് ക്രോസ് ന്റെ യൂണിറ്റ് ഉം വിദ്യാലയത്തിൽ സേവനം ചെയ്യുന്നു ഏറ്റവും കൂടുതൽ ആൺ കുട്ടികൾ ഫുൾ എ പ്ലസ് നേടുന്ന വിദ്യാലയമാണ് ഇത് .ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിരംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻസ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (Inclusive Education) പ്രവർത്തീകമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ

ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു.കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൌൺസലിങ് നൽകി
പഠനത്തിന് സാഹചര്യമൊരുക്കുന്നു.സ്കൂളിന്റെ അക്കാദമിക നിലവാരം നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻതയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നലപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

## കാഴ്ചപാട് .........

വരാപ്പുഴയുടെയും പരിസരദ്വീപുകളുടെയും മാത്രമല്ല ചുറപാടുമുള്ള മറ്റുകരകളിലെ നിവാസികളുടെയുംപ്രതീക്ഷയും അഭിമാനവുമാണ് ഹോളിഇൻഫൻസ് ബോയ് ഹൈസ്കൂൾ എന്ന ഈ ഗ്രാമവിദ്യാലയം .അതുകൊണ്ടുതന്നെ ഞങ്ങളിൽ ഭരമേൽപ്പിരിക്കുന്ന കർത്തവ്യങ്ങൾ വളരെ വലുതാണ്, കാഴ്ചപ്പാടുകൾ ഗുണപ്രഹർഷവ്യമാണ്.

കുട്ടികളിൽ സ്വയം രൂപപ്പെടുന്ന അച്ചടക്കം അത് ബൌദ്ധീകതലത്തിലും പ്രായോഗീകതലത്തിലുംഞങ്ങൾ നേടിയെടുക്കാൻ ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ട് . മേന്മയുള്ള വിദ്യാഭ്യാസം പഠന -പഠനേതരപ്രവർത്തനങ്ങളിലൂടെ നേടിയെടുക്കാവുന്നതാണെന്ന് ഞങ്ങൾക്കറിയാം . അതിനുള്ളശ്രമകരമായപ്രവർത്തനങ്ങൾ നടത്തിവരുന്നു .

പ്രൈമറി ക്ലാസുകളിൽ വെച്ചുതന്നെ ഭാഷ കൈകാര്യം ചെയ്യാനുള്ള പ്രാവീണ്യം നേടിയെടുക്കുന്നത് ഞങ്ങളുടെ സുവ്യക്തമായ കാഴ്ചപ്പാടാണ് . അതിനായിഅക്കാഡമിക് മാസ്റ്റർ പ്ലാനിൽതന്നെ വ്യക്തമായ പദ്ധതികൾ ഞങ്ങൾരൂപീകരിക്കുന്നുണ്ട് വായനയിലൂടെ ചിന്തയിലൂടെ കുട്ടികൾ അറിവുനേടുകയും അത് വെറും വിവരശേഖരംമാത്്രമാകാതെ അവബോധമാകുകയും ചെയ്യുന്ന സമഗ്രമായ കാഴ്ചപ്പാടാണ് ഞങ്ങൾക്കുള്ളത് . കുട്ടികൾഭയലേശമില്ലാതെ ഭാഷ പൊതുസമൂഹത്തിന്റെമുന്നിൽ ഉപയോഗിക്കാൻ പര്യാപ്തമാവണം . അത് ആധുനീകകാലഘട്ടം ആവശ്യപ്പെടുന്ന ശേഷിയാണ്.ശാസ്ത്രവിഷയങ്ങൾ അഭ്യസിക്കുന്നതിലൂടെ കുട്ടിനേടേണ്ടത് ശാസ്ത്രീയമനോവൃത്തിയാണെന്ന് ഞങ്ങൾ കരുതുന്നു.അല്ലാതെ ശാസ്ത്രവിഷയങ്ങളിലുള്ള അറിവ് മാത്രമല്ല നേടേണ്ടതെന്ന് ഞങ്ങൾ കരുതുന്നു. സമൂഹത്തിൽ നിലനിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തുടച്ചുനീക്കാൻശാസ്ത്രീയ മനോഭാവമുള്ളഒരു തലമുറ വളന്നുവരേണ്ടത്അനിവാര്യമാണ് . ശാസ്ത്രപഠനം അത്യന്തികായി ലക്ഷ്യമിടുന്നത് അതാണ് .രാജ്യത്തിന്റെ പൈതൃകം , ചരിത്രം , പാരമ്പര്യം എന്നിവ കുട്ടികൾക്ക് പകർന്ന് നൽകാൻ പര്യാപ്പമായഠനപ്രവർത്തനങ്ങൾ ഞങ്ങൾ വിഭാവന ചെയ്യുന്നു. അത് ജനാധിപത്യത്തിന്റെ സുഗമമായ വളർച്ചയ്ക്കും വികാസത്തിനും അനിവാര്യമാണ്.

ആധുനീക ലോകം വിവരശേഖരണത്തിന്റെ വിനിമയത്തിന്റെയും പാതയിലാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു.ഞങ്ങളുടെ കുട്ടികൾ വിവേകപൂർവ്വം അവഉപയോഗിക്കാൻ കഴിവുള്ളവരാകണം അതിന് അവരെ പ്രാപ്തരാക്കുന്നഅതിനുള്ള തെയ്യാറെടുപ്പിലാണ് ഞങ്ങൾ .ആരോഗ്യപരികക്ഷ, കായികക്ഷമത നേടിയെടുക്കൽ എന്നിവ സമഗ്രവിദ്യാഭ്യാസത്തിലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നു.

# പൊതുലക്ഷ്യങ്ങൾ

1. സ്കൂൾ ഒരു സാമൂഹ്യവൽക്കരണത്തിനുള്ള ഏറ്റവും അനുയോജ്യമായ ഏജൻസിയാക്കിമാറ്റുകക.

2. വിദ്യാലയം പൊതുസ്വത്താണെന്നും അത് സമൂഹത്തിന്റെ ഏത് തരം ആവശ്യങ്ങളും നിറവെറ്റാനുള്ള അടിസ്ഥാന ചിന്തകൾ വളർ ത്താനുള്ള ഇടമാണെന്നുംസമൂഹത്തെ ബോധ്യപ്പെടുത്തുക.

3. സമൂഹത്തെ അധപതിപ്പിക്കുന്ന വിഭാഗീക ചിന്തകളിൽനിന്നും തലമുറകളെ രക്ഷപ്പെടുത്തുന്നതിനുള്ള ചുവടുവെപ്പുകൾ ആരംഭിക്കുക.

4. രാജ്യസ്ദേഹം പൌരന്റെ അടിസ്ഥാന ധർമ്മമാണെന്നും അതിനായി സ്വയം സമർപ്പിക്കേണ്ടത് ആവശ്യമാണെന്നും കുട്ടിയെ ബോധ്യപ്പെടുത്തുന്നതിന്.

5. ശാസ്ത്രീയമനോവൃത്തി സാമൂഹ്യജീവിതത്തിന് കരുത്തുനൽകുന്ന എന്ന സന്ദേശം പകർന്നുനൽകുന്നതിന്

6. ഗണിതഭാഷ , യക്തിചിന്ത , വിശകലനപാടവം എന്നിവ കുട്ടികളിൽ വളർത്തുന്നതിന് പ്രേരകശക്തിയാകുക

Prepared by school resource group ,HIHS VARAPUZHA 2025-2026

7. ഭരണഘടനയോടും ജനാധിപത്യത്തോടും കൂറും ഉണർവുമുള്ള തലമുറയെ വാർത്തെടുക്കുന്നതിന്

8. സന്മാർഗ്ഗബോധം രൂപപ്പെടുത്തുന്ന ഏജൻസിയായി വിദ്യാലയത്തെ മാറ്റിയെടുക്കുക.

# ലോവർ പ്രൈമറി

## അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് - 2 മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ചിലവ്/സാമ്പത്തികം | മൂല്യനിർണയം |
|---|---|---|---|---|---|
| ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരമൊരുക്കുന്നു. | മലയാള മധുരം (അവധിക്കാല പ്രവർത്തനം) | ഏപ്രിൽ മെയ് ജൂൺ-മാർച്ച് | അധ്യാപകർ | | മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്. |
| സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. | സംയുക്ത ഡയറി | ജൂൺ-മാർച്ച് | അധ്യാപകർ രക്ഷിതാക്കൾ | | രക്ഷാകർതാക്കളുടെ ചിന്തനവും ചുമതലയും ഉറപ്പു വരുത്തിയിട്ടുണ്ട്. |
| പ്രവർത്തനങ്ങളിൽ പരിസരപഠനം, ഗണിതം, കലാകായിക പ്രവൃത്തിപരിചയം ഉൾപ്പെടെ സാധ്യത ഉറപ്പുവരുത്തുന്നു. | സചിത്ര പുസ്തകം | ജൂൺ-മാർച്ച് | അധ്യാപകർ രക്ഷിതാക്കൾ | | രക്ഷാകർതൃകളും സചിത്ര പാഠപുസ്തകങ്ങളിലെ ഉള്ളടക്ക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. |
| ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കാര്യക്ഷമവുമായി അവതരിപ്പിക്കുന്നു. | ക്ലാസ് പിടിഎ | സെപ്റ്റംബർ മുതൽ മാസത്തിലൊന്ന് വീതം. | ക്ലാസ് ടീച്ചർ P.T.A | | വിവിധ നിലവാരക്കാരെ പരിഗണിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ് - 3 മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം | മൂല്യനിർണയം |
|---|---|---|---|---|---|
| വായന | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകർ | പി.ടി.എ | |
| മലയാളം തെറ്റു കൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | ക്ലാസ് ലൈബ്രറി വികസനം | ജൂൺ-മാർച്ച് | സി.പി.ടി.എ | സി.പി.ടി.എ | |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകർ | അധ്യാപകർ | |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ-ജൂലൈ | അധ്യാപകർ | | |
| ലേഖനം വിവിധ വ്യവഹാര രൂപങ്ങൾ അനുബന്ധിച്ച് എഴുതുവാനുള്ള ശേഷി വികസിപ്പിക്കുക. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക പോസ്റ്റർ, വായനാവാരം, കുറിപ്പ്, കത്ത്, പ്രസംഗം | ജൂൺ-മാർച്ച് | അധ്യാപകർ | സി.പി.ടി.എ | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാരരൂപങ്ങൾ അവതരിപ്പിക്കൽ | ജൂൺ-മാർച്ച് | സി.പി.ടി.എ | | |

അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് - 4 മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം | മൂല്യനിർണ്ണയം |
|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ്ടീച്ചർ | P.T.A ഫണ്ട് | |
| വായിക്കാം വളരാം വായനാശേഷി വളർത്താൻ | ക്ലാസ് വായനാ കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തകപരിചയം, വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ്. | വർഷം മുഴുവൻ | H.M SRG Class Teacher | P.T.A | |
| എഴുതാം രസിക്കാം ലേഖന ശേഷി വർധിപ്പിക്കാൻ സാഹിത്യകാരൻമാരെ പരിചയപ്പെടൽ ജീവ-ചരിത്ര നിരൂപണങ്ങൾ | ദിനാചരണങ്ങൾ ആചരിക്കൽ കുറിപ്പ്, ക്വിസ് പതിപ്പ്, ജീവിതരേഖ തയ്യാറാക്കൽ | ജൂൺ - മാർച്ച് | H.M SR.G C.P.T.A | P.T.A | |

മേഖല - അക്കാദമികം
ഉപമേഖല - ഇംഗ്ലീഷ്
ക്ലാസ്സ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം, സിനിമാ പ്രദർശനം, ആക്ഷൻ സോങ്സ്, കഥകൾ, കളികൾ | മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>class teacher | SSA |

# Academic Master Plan

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ | മൂന്ന് മാസത്തിൽ ഒന്ന് | SRG | SSA |
| | English ബാലസഭ. | മാസത്തിൽ ഒന്ന് | Class teacher | |
| | ഇംഗ്ലീഷ് അസംബ്ലി One day English | ആഴ്ചയിൽ ഒന്ന് | SMC | |

മേഖല - അക്കാദമികം
ഉപമേഖല - ഭാഷ
ക്ലാസ്സ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഭാഷാശേഷി വികസനം | ① ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ | സെപ്തംബർ ഒക്ടോബർ | ക്ലാസ്സ്ടീച്ചർ SRG SMC സ്കൂൾ വികസന സമിതി | SMC |
| | ② അമ്മ പറയട്ടെ അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ ഡിസംബർ ജനുവരി മാസത്തിലാരിക്കൽ | ക്ലാസ്സ് ടീച്ചർ SRG മദർപി.ടി.എ | മദർ പി.ടി.എ |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന- ആശയമറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം | ജൂൺ- മാർച്ച് | | |
| | വാർത്താവായനാ മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | | |
| | വായനാക്യാമ്പുകൾ | 3 മാസത്തിൽ ഒന്ന് | | |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | | |

| SL NO. | NAME | DESCRIPTION | PERIOD |
|---|---|---|---|
| 1. | English challenge | We can creates an english atmosphere. Speak simple english sentences frequently. Uses simple questions and lead to jokes. prepare some story cards and short videos of its reading. share them in whatsapp group. Celebrate a day in a week as English day. paste some english words on walls, doors, shelf, benches, desks, tables etc. Make use of some action songs and games also. | June to March |
| 2. | English assembly | Listening - Teacher talk speaking - prayer, pledge news, riddles, diary quotes of eminent leaders, readers theatre etc. | June to March |
| 3. | speech bubbles | Give chances for filling speech bubbles - eg: Issac and Dilina. Give more examples or chances in next coming units also | From June 2nd week onwards |
| 4. | MEW | New words are introducing through pictures and appropriate sentences in different context to get its meaning. students have to keep them in notebooks as my english word. | June to march |
| 5. | Read and Rejoice | Tells simple english stories with proper actions and voice modulations. Gives more stories having great values like brave, unity, kindness, honesty etc... for reading. | Once in a week. |
| 6. | picture diary | experience sharing and writing diary with suitable pictures | From the end of june to March |

| | | | |
|---|---|---|---|
| 7. | Hai English (English club) | various club activites Eg: Readers theatre | July to February |
| 8. | My notice | Exhibits model notices. Leads to discussion and prepare school notices about major activites | June last week |
| 9. | Digi task | Teacher and students are calling each other through mobile phone. shares feelings, thoughts and events in english. | Frequently |
| 10. | Picture dictionary (world of words) | At the end of each unit collect words, recorder them and create a picture dictionary. | Sargavela periods At the end of the unit |
| 11. | creative space | provide students with a set of story related pictures. They should sequence the events and develop a meaningful story based on them. | surgavela periods |
| 12. | Description | Gives different pictures to prepare a description (describing words are introducing occasionaly). | July |
| 13. | Riddles, riddles. | Teacher asks some riddles, eliciting peculiarities of a riddle and gives a 'riddle making' as a group work | July |

മേഖല - അക്കാദമികം
ഉപമേഖല - ഗണിതം
ക്ലാസ്സ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1. ഗണിത മാഗസിൻ | ജൂൺ - മാർച്ച് | PTA ക്ലാസ്സ് ടീച്ചർ | SSA |
| | 2. ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | |
| | 3. ഗണിത ക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ്സ് ടീച്ചർ | |

മേഖല - അക്കാദമികം
ഉപമേഖല - ഗണിതം
ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | SSA |
| | ഗണിത ക്ലബ് (ഗണിതം കളികളിലൂടെ) | മാസത്തിൽ ഒന്ന് വീതം | | |

അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ്സ് 3

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം, എന്നീ രൂപങ്ങളെ കുറിച്ച് ധാരണ നൽകുന്നു. | പ്രീടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലികൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു | സംഖ്യാപാറ്റേണുകൾ<br>• നാണയങ്ങൾ കളിനോട്ടുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • പാറ്റേണുകൾ (ഗണിതമൂല്യ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി. പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ കുട്ടികൾ | ഇല്ല |
| സങ്കലന വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | • മനക്കണക്കുകൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • മന:കണക്ക്<br>• മഞ്ചാടി കളി | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സിപിടിഎ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ഐസിടി വിഭവങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം - ക്ലാസ് 4

നിത്യജീവിതത്തിൽ ഗണിത പഠനത്തിന്റെ പ്രാധാന്യം വർധിച്ചു വരികയാണ്. ഗണിതത്തെ പ്രായോഗിക ജീവിതവുമായി ബന്ധപ്പെടുത്തി രസകരമായി അവതരിപ്പിച്ചാൽ നിർദ്ദിഷ്ട പഠനനേട്ടങ്ങൾ കൈവരിക്കാം.

ലക്ഷ്യങ്ങൾ :

- അടിസ്ഥാന ചതുഷ്ക്രിയകൾ ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- നാലാം ക്ലാസ്സിൽ ഊന്നൽ നൽകിയ ഗണിതശേഷികൾ എല്ലാവരും നേടിയെന്ന് ഉറപ്പുവരുത്തുക.
- നിത്യജീവിതത്തിലെ ഗണിത പ്രശ്നങ്ങൾ പരിഹരിക്കാൻ കുട്ടികളെ കഴിവുള്ളവരാക്കുക.
- ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയുള്ള ഗണിത പഠനത്തിന് അവസരം നൽകുക.
- യുക്തി ചിന്ത വളർത്തൽ
- ഗണിത പഠനം ആസ്വാദ്യകരമാക്കൽ

ചുമതല - ക്ലാസ്സ് ടീച്ചർ

പ്രവർത്തനങ്ങൾ

| SL. NO. | പ്രവർത്തനം | വിശദാംശം | സമയം | റിമാർക്സ് |
|---|---|---|---|---|
| 1. | ഗണിത കിറ്റ് | • എല്ലാ കുട്ടികളും രക്ഷിതാക്കളുടെ സഹായത്തോടെ വളപ്പൊട്ടുകൾ, 1,10,100 വീതം വരുന്ന ഈർക്കിൽ കമ്പുകെട്ടുകൾ, സംഖ്യാകാർഡുകൾ, സോഡാ മൂടികൾ, പുളിങ്കുരു, വിവിധ രൂപങ്ങൾ | ജൂൺ മുതൽ ജൂലൈ വരെ | |

| | | | | |
|---|---|---|---|---|
| | | കളിനോട്ടുകൾ, പെട്ടികൾ, ആവശ്യമില്ലാത്ത പേനകൾ എന്നിവ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കൽ. | | |
| 2. | പ്രീ ടെസ്റ്റ് | • കൈവരിച്ച ഗണിത ശേഷികളുടെ അടിസ്ഥാനത്തിൽ കുട്ടികളെ വിലയിരുത്തൽ . കൂടുതൽ പിന്തുണ ആവശ്യമായവരെ കണ്ടെത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ. | ജൂൺ 3 to 5 | വിലയിരുത്തലും - രക്ഷിതാക്കളെ ബോധ്യപ്പെടുത്തലും |
| 3. | ജ്യാമിതിച്ചന്തം | • ചുറ്റുപാടുള്ള ത്രിമാനരൂപങ്ങൾ, തിരിച്ചറിയൽ, ചതുരം, സമചതുരം എന്നിവ അളന്ന് പ്രത്യേകതകൾ മനസ്സിലാക്കി നിഗമന രൂപീകരണം<br>• വർണ്ണക്കടലാസുകൾ കൊണ്ടുള്ള ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ക്ലാസ്സ് അലങ്കരിക്കൽ<br>• തീപ്പെട്ടിക്കൂട് ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ ഉണ്ടാക്കൽ<br>• ജ്യാമിതീയ പാറ്റേൺ.<br>• പേപ്പർ ക്യൂബ് നിർമ്മിച്ച് വശങ്ങൾ തിരിച്ചറിയൽ.<br>• ശില്പശാല ടാൻഗ്രാം ഉപയോഗിച്ച് വ്യത്യസ്ത രൂപങ്ങൾ നിർമ്മിക്കൽ. | ജൂൺ | |
| 4. | സംഖ്യാജ്ഞാനം | • മൂന്നക്ക സംഖ്യകൾ ഉപയോഗിച്ച് 1000 രൂപീകരിക്കലും വ്യാഖ്യാനിക്കലും<br>• നാലക്ക സംഖ്യ 1000 മുതൽ 9999 വരെയുള്ള സംഖ്യാബോധം.<br>• വിശാലമായ സ്ക്കൂൾ ലൈബ്രറി പ്രദർശിപ്പിച്ച് കുട്ടികളെ 5 ഗ്രൂപ്പുകളായി തിരിച്ച് സംഖ്യാ റിബൺ, സംഖ്യാ കാർഡുകൾ എന്നിവ നൽകി പുസ്തകങ്ങൾക്ക് തുടർച്ചയായി നമ്പർ കൊടുക്കൽ , നാലക്ക സംഖ്യകൾ ഉപയോഗിച്ചുള്ള സമാനമായ പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം. | | |

| | | | | |
|---|---|---|---|---|
| 5. | Honesty shop | • കുട്ടികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങി ഹോണസ്റ്റി ഷോപ്പ് ഒരുക്കൽ... കുട്ടികൾ അവർക്ക് ആവശ്യമായ സാധനങ്ങൾ പൈസകൊടുത്ത് ഹോണസ്റ്റി ഷോപ്പിൽ നിന്ന് വാങ്ങി കണക്ക് സൂക്ഷിക്കൽ, പ്രസ്തുത വിഷയുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം | ജൂലൈ മുതൽ ഫെബ്രുവരി വരെ | |
| 6. | ഗണിത ക്വിസ് | • ഗണിത ക്വിസ് കുട്ടികളെ കണ്ടെത്തി സബ്ജില്ലാതല മത്സരത്തിന് തയ്യാറെടുപ്പുകൾ ആരംഭിക്കൽ. | ജൂൺ 24 | |
| 7. | ചതുഷ്ക്രിയകൾ | • മഞ്ചാടികൾ, കളിനോട്ടുകൾ, സംഖ്യാ കാർഡുകൾ, മറ്റു പരിചിത സാധനങ്ങൾ എന്നിവ ഉപയോഗിച്ച് കളികളിലൂടെയും, പാട്ടുകളിലൂടെയും, ഗ്രൂപ്പ് വർക്കുകൾ നടത്തി ചതുഷ്ക്രിയകൾ ഉറപ്പിക്കൽ. ഗണിത വിജയം പ്രവർത്തനങ്ങളുടെ ഉപയോഗം.<br>• മന: കണക്ക് പരിശീലനം | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് 2 പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ / സാമ്പത്തികം | മൂല്യനിർണയം |
|---|---|---|---|---|---|
| ശാസ്ത്ര പഠനം ആസ്വാദ്യകരമാകുന്നു. ഉപകരണങ്ങൾ നിർമ്മാണത്തിലൂടെ കുട്ടി സ്വയം പഠിതാവാകുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട ലഘു പരീക്ഷണങ്ങൾ | ജൂൺ-ഫെബ്രുവരി | ക്ലാസ് ടീച്ചർ CPTA | P.T.A | |
| പ്രകൃതിദത്തം ലഭ്യമാകുന്ന സാധനങ്ങൾ ഉപയോഗിച്ച് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പാനീയങ്ങൾ ഉണ്ടാക്കാൻ കഴിയുന്നു. | പാനീയമേള | ഒക്ടോബർ | ക്ലാസ് ടീച്ചർ | E P.T.A | |
| പാഠഭാഗവുമായി ബന്ധപ്പെട്ട് നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ ഉൾപ്പെടുത്താവുന്ന ആഹാര പദാർത്ഥങ്ങളെ ഉൾപ്പെടുത്താനാകുന്നു | ഭക്ഷ്യമേള | ജനുവരി | P.T.A ക്ലാസ് ടീച്ചർ | P.T.A | |

# അക്കാദമിക മാസ്റ്റർപ്ലാൻ - ക്ലാസ് 3

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവവൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം (പ്രദേശം, വിദ്യാലയത്തിലെ ജൈവവൈവിധ്യ ഉദ്യാനം) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക.<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറാൻ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകൻ<br>• പി.ടി.എ<br>• ഹരിതകർമ സേന - പി.ടി.എ | • പി.ടി.എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമ്മാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ - ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ- കുട്ടികൾ | പി.ടി.എ<br>ഇല്ല |

# ACADEMIC MASTER PLAN

മേഖല : അക്കാദമികം
ഉപമേഖല : പരിസരപഠനം
ക്ലാസ്സ് : IV

| | | | | |
|---|---|---|---|---|
| ① പ്രകൃതി നടത്തം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| ☆ നിരീക്ഷണം- അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| ② ശാസ്ത്രമൂല | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ്സ് ടീച്ചർ | PTA<br>SSA |
| ③ ശാസ്ത്രയാത്ര | | | | |
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മേഡിക്കൽ പ്രദർശനങ്ങൾ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ്സ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ④ ഭൂപട നിർമ്മാണം | | | | |
| കേരളം, ഇന്ത്യ, ഭൂപട വായന, സൂചിക പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാ നിർമ്മാണം | വർഷത്തിലൊന്ന് | SRG ക്ലാസ്സ് ടീച്ചർ | PTA |
| ⑤ ശാസ്ത്രോത്സവം | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം പഠനോപകരണം പരീക്ഷണങ്ങൾ ഇവയുടെ പ്രദർശനം | വർഷത്തിലൊന്ന് | HM SRG ക്ലാസ്സ് ടീച്ചർ | PTA |
| ⑥ ശാസ്ത്രമാസിക | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM SRG ക്ലാസ്സ് ടീച്ചർ | PTA |

# അപ്പർ പ്രൈമറി വിഭാഗം

# മേഖല യു.പി. മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയസംവേദനം നടത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരരൂപങ്ങളിലൂടെ (കഥ, കവിത, യാത്രാവിവരണം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്.<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾച്ചേർത്ത് കാർഡ് പ്രയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| (2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുന്നു. | **വാർത്താലോകത്തേക്ക്** പത്രം, തെരഞ്ഞെടുത്ത മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വരുത്തുകയും ചെയ്യുന്നു. | ആഴ്ചദിവസം | മലയാളം അധ്യാപകർ | |
| (3) | **വാർത്താ വായന** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളക്ലബ് | മലയാളക്ലബ് |
| | ഒരു മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ ഒരുപ്രാവശ്യം | മലയാളക്ലബ് | |

| | | | | |
|---|---|---|---|---|
| 3) സാഹിത്യത്തിനോടും സാഹിത്യകാരന്മാരോടുമുള്ള മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സംവാദം/മുഖാമുഖം<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ടുപ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ |
| 4) മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടി വിദ്യാർത്ഥികളും സർഗ്ഗാത്മകശേഷി വളർത്തുക | ഇ-കമ്പ്യൂട്ടിംഗ്<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ (പതിപ്പുകൾ) തയ്യാറാക്കുകയും ചെയ്യുന്നു. | രണ്ടുവർഷം | മലയാളം, ഐടി അധ്യാപകർ | മലയാളം ക്ലബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| (5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു | അക്കാദമിക് വർഷം | പി.ടി.എ, സ്റ്റാഫ് | പി.ടി.എ. |
| (6) കുട്ടികളുടെ ആകാശവാണി. ഹെച്ച്. ഐ. ഹെച്ച്. എസ് എഫ്. എം അവതരണ മികവ് | ഹെച്ച്. ഐ. ഹെച്ച്. എസ് എഫ്. എം.<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വായിച്ച പുസ്തകങ്ങളിൽ നിന്നും ഇഷ്ടപ്പെട്ടതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലെയും പ്രധാന വാർത്തകളുടെ അവതരണം. പ്രധാന സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാ ദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ. | വിവിധ ക്ലബ്ബുകൾ. പി.ടി.എ. |

| AIM | ACTIVITIES | DAYS | DUTIES | FINANCIAL SS... |
|---|---|---|---|---|
| The teacher makes the students to listen properly and to talk easily in English. | Lend your Ear<br>The teacher makes them listen the recorded language version. Following that questions provide to them to answer | July | English Teachers | English club |
| | Follow me if you can<br>The teacher allows them to follow the instructions given in english. | June | English Teachers | |
| | Breaking News<br>This is an activity to listen to the recorded radio news to get correct accent. | November | English Teachers | English Club |

| AIM | ACTIVITIES | DAYS | DUTIES | FINANCIAL ANALYSIS |
|---|---|---|---|---|
| | Missing Man<br>The teacher makes them listen to the recorded conversation between the teacher and the students. Then the teacher excludes the teacher's version and adds the children's version instead of teacher's place. | June | English Teachers | English club |
| | Treasure Hunt<br>The teacher makes small compartments using different objects. Gives each compartment a number. and following a draw and describes about each object. The children identifys the object and get points. | August | English Teachers | English club |

| AIM | ACTIVITIES | DAYS | DUTIES | FINANCIAL ANALYSIS |
|---|---|---|---|---|
| The teacher gives opportunities for expressive reading. | <u>Meet the foreigner</u><br>They get a chance to communicate with the native speakers | once in an year | English Teachers | |
| | <u>One man show</u><br>gives ideas to persons mono acts in the class | October | English Teachers | English club. |
| | <u>I Too can</u><br>The reading cards get arranged acording to the level of difficulty. gives chances to read from simple to difficult. | July | English Teachers | English club |
| | <u>Leaning Ladder</u><br>The teacher selects some words and shows them in the mirror. Allows them to read. As they read properly gets chances to climb ladder step by step | september | | |

| AIM | ACTIVITIES | DAYS | DUTIES | FINANCIAL ANALYSIS |
| --- | --- | --- | --- | --- |
| | **Fm corner**<br>The teacher allows them to prepare and perform different stories in the form of drama. | once in a term | English Teachers | |
| | **Reader of the month**<br>There are given chances to read English daily and selects the reader of the month | Each month | | English club |
| The teacher prepares them to write English without any mistake. | **My droplets**<br>preparation of class magazine and mini dictionary. | End of the year | English Teachers | |
| | **Alert zone**<br>warning boards, Posters notices etc preparation and exhibition in the classroom. | on Day celebrations | | |

| AIM | ACTIVITIES | DAYS | DUTIES | FINANCIAL ANALYSIS |
|---|---|---|---|---|
| | **Run Baby Run**<br>class gets divided into groups. The teacher shows a chart and with some words and asks them to memorise and write it on an another chart. Those who has written more words will be the winner. | February | English Teachers | English club |
| | **Fun time Funda**<br>They get opportunity to present puzzles, fun talks, Jokes, tricky questions etc in the class. | Each English period | English Teachers | English club |
| | **The grand camp.** Arranging an English camp including the parents who are well in English and others. children present their talents in English [illegible] | By the End of the year | English Teachers, PTA members parents. | |

മേഖല : അക്കാദമികം   ഉപമേഖല : ഹിന്ദി ഭാഷ  ക്ലാസ്  തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രി ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5,6,7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പി CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER | ജൂൺ രണ്ടാം വാരം | 5,6,7 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14, ജനവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ളബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | | | | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 4 | CWSN,SLOW LEARNERSകുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജിവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപെട്ട് | 5,6,7 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5,6,7 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട | പ്രതി | 5,6 | ഹിന്ദി | |

| | | | | | |
|---|---|---|---|---|---|
| | ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | ദിനം | ,7 | അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ, ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |
| 10 | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ, ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |

Submitted on 10/06/2025

Teacher name: LISMI. C.L

Signature : [signature]

# അക്കാദമിക മാസ്റ്റർപ്ലാൻ യു.പി. സയൻസ് 2025-26

| Sl.No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം | മൂല്യനിർണയം |
|---|---|---|---|---|---|---|
| 1. | • ചുറ്റുപാടുകളിൽ നിന്ന് വിവിധ വാസസ്ഥലങ്ങൾ, ആഹാരശൃംഖല ജാലങ്ങൾ കണ്ടെത്തുന്നു | - ജൈവ വൈവിധ്യ പാർക്ക്, പുഴ സന്ദർശനം | ജൂൺ- ജൂലൈ | ശാസ്ത്രാധ്യാപകർ ശാസ്ത്ര ക്ലബ് | | |
| 2. | • വിവിധതരം കൃഷിരീതികൾ പരിചയപ്പെടുന്നു, ആസിഡ് ആൽക്കലി എന്നിവയുടെ സ്വഭാവം, ഗുണം തിരിച്ചറിയൽ | - ബഡ്ഡിംഗ്, ലെയറിംഗ് ഗ്രാഫ്റ്റിംഗ്, ലിറ്റ്മസ് പേപ്പർ നിർമാണം സോപ്പ് നിർമാണം | | | | |
| 3 | • നല്ല ആഹാരശീലങ്ങൾ തിരിച്ചറിയുന്നതിനും, അപര്യാപ്തതാ രോഗങ്ങൾ തിരിച്ചറിയുന്നു<br>• കാന്തങ്ങളെ കുറിച്ചുള്ള പൊതുധാരണകൾ രൂപപ്പെടുന്നു. നിത്യജീവിതത്തിൽ കാന്തത്തിന്റെ ഉപയോഗം മനസ്സിലാക്കുന്നു | ഫുഡ് പ്ലേറ്റ് ഒരുക്കൽ വിഭവങ്ങൾ ചാർട്ട് തയ്യാറാക്കുന്നു<br>'ആഹാരവും ആരോഗ്യവും' എന്ന വിഷയത്തിൽ ക്ലാസ്തല സെമിനാർ<br>- കാന്തിക ശക്തി പ്രയോജനപ്പെടുത്തി toy car നിർമാണം | | | | |
| 4. | പ്രതിരോധ കുത്തിവയ്പുകളെ തിരിച്ചറിയുന്നു<br>വിവിധതരം ദർപ്പണങ്ങൾ തിരിച്ചറിയുന്നു.<br>കാന്തത്തിന്റെ ഉപയോഗങ്ങൾ മനസ്സിലാക്കുന്നു | - വാക്സിനേഷൻ ചാർട്ട്<br>- സമതല ദർപ്പണം കൊണ്ടുള്ള പരീക്ഷണങ്ങൾ<br>- കാന്തം ഉപയോഗിച്ചുള്ള കളി | ആഗസ്റ്റ് സെപ്റ്റംബർ | ശാസ്ത്രാധ്യാപകർ Health Club | | |

| Sl.No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം | മൂല്യനിർണയം |
|---|---|---|---|---|---|---|
| 5 | വൈദ്യുതി വഹിക്കുന്ന ഉപകരണങ്ങളെ പരിചയപ്പെടുത്തുന്നു ചാലകങ്ങൾ, കുചാലകങ്ങൾ തിരിച്ചറിയുന്നു ശാസ്ത്ര ക്രിയശേഷി വികസിപ്പിക്കുന്നു | സർക്യൂട്ട് നിർമാണം, എമർജൻസി ലൈറ്റ് നിർമാണം - ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | ഒക്ടോബർ നവംബർ | ശാസ്ത്രാധ്യാപകർ ശാസ്ത്രക്ലബ് | | |
| 6. | മനുഷ്യശരീരത്തിലെ വിവിധ വ്യവസ്ഥകൾ പരിചയപ്പെടുത്തുന്നു ശാസ്ത്രലോകത്തെ നൂതന ആശയങ്ങൾ പരിചയപ്പെടുത്തുന്നു ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ ഗ്രഹണങ്ങൾ പരിചയപ്പെടുന്നു. | ചാർട്ട്, മോഡൽ, ശാസ്ത്രവിസ്മയച്ചുമർ മോഡൽ | ഡിസംബർ ജനുവരി | ശാസ്ത്രാധ്യാപകർ | പി.ടി.എ | |
| 7. | ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ശാസ്ത്രപഠന | ICT ഉപയോഗിച്ചുള്ള വീഡിയോ പ്രദർശനം | ഫെബ്രുവരി | | | |

| Sl.No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം | മൂല്യ- നിർണ്ണയം |
|---|---|---|---|---|---|---|
| | ത്തിനായി പ്രയോജന- പ്പെടുത്തുന്നു. | സ്കിറ്റ് | മാർച്ച് | ശാസ്ത്രാധ്യാപകർ | | |
| | ഭക്ഷ്യസുരക്ഷ, മായം ചേർക്കലിനെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കൽ | യുറേക്കാ കുട്ടികളിൽ ശാസ്ത്രാവബോധം വർധിപ്പിക്കാൻ ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്രലൈബ്രറി. | അക്കാദമിക വർഷം | അധ്യാപകർ | PTA | |
| 8 | ദന്തപരിചരണവും ശരിയായ ബ്രഷിംഗ് രീതി പരിചയപ്പെടൽ | ആനന്ദ് മുസ്കാൻ പദ്ധതി | അക്കാദമിക വർഷം | അധ്യാപകർ | അമൃത ആശുപത്രി | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - UP ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപ്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്... ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ഒറിഗാമി ശിൽപ്പശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബിലെ അംഗങ്ങളും | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) ഗണിതം മധുരമാക്കൽ | ഗണിത പാർക്ക് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിതക്ലബ് | ഗണിതക്ലബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | ഗണിത ഗ്രാമം ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനികശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ് ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | അവധിയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം. | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അങ്കത്തട്ട് :— കളിയിൽ നിന്ന് കാര്യത്തിലേക്ക്. സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് ചോദ്യങ്ങൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| | ഓർമ്മച്ചെപ്പ് :- അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലൂടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങേക്ക് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 4. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രകൃതി താണ്ഡവം :- നേർക്കാഴ്ച ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 5. സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസമെത്തിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 6. വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ചിലന്തിവലയിൽ നിന്ന് കരുതിയിരിക്കാം<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 7. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുന്നു. | പരിസ്ഥിതി ചൂഷണത്തിന് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 8. സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

# ഹൈസ്കൂൾ വിഭാഗം

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26

## മേഖല - ഹൈസ്കൂൾ - മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക.<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 4 മാസം<br>ജൂൺ - സെപ്റ്റംബർ | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | പി.ടി.എ,<br>അധ്യാപകർ |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി സജീകരിക്കൽ | 8 മാസം<br>ജൂൺ - ജനുവരി | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലിക | പി.ടി.എ<br>അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| | 3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6 പുസ്തക ചർച്ച<br>7 വായനാനുഭവം<br>8 വായനക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാ സാഹിത്യ വേദി പ്രവർത്തനം.<br>10 ദിനാചരണം<br>11 ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>12 ആസ്വാദകരമായ വായന | | പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ് | |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 1. എഴുത്തുകൂട്ടം രൂപീകരണം.<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യ ശാഖകൾ | 8 മാസം<br>ജൂൺ - ജനുവരി | ലൈബ്രറി പുസ്തകങ്ങൾ, ഫോട്ടോകൾ, മറ്റ് ആനുകാലിക പ്രസിദ്ധീകരണ | പി.ടി.എ<br>അധ്യാപകർ |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| | | പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സാമൂഹ്യ രചന<br>8. സാഹിത്യ - സാംസ്കാരിക ചിത്ര ഗാലറി. | | | |
| 4. | വിദ്യാർത്ഥികളെ സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | 1. പ്രസംഗ പരിശീലനം<br>2. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ ഭാഗങ്ങൾ കേൾപ്പിക്കുന്നു | 8 മാസം ജൂൺ - ജനുവരി | ഓഡിയോ, വീഡിയോ | പി.ടി.എ അധ്യാപകർ |
| 5 | വിദ്യാർത്ഥികളിൽ കൃഷിയോടുള്ള താൽപര്യം വളർത്തുക. | നമ്മുടെ നാട്ടിലെ കർഷകനെ ആദരിക്കൽ | കർഷക ദിനം | കൃഷിവകുപ്പ് | പി.ടി.എ അധ്യാപകർ |

# ACADEMIC MASTER PLAN - ENGLISH

2025-2026

| മേഖല — ഹൈസ്കൂൾ ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. ഇംഗ്ലീഷിൽ ആത്മ വിശ്വാസ ത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English Class<br>English Library നവീകരണം<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly. | അവധിക്കാലം / ശനിയാഴ്ചകൾ | PTA, Teachers | PTA Management |
| 2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | Cinema & Documentary - Profile & Script, ~~[illegible]~~ തയ്യാറാക്കി നിർമ്മാണവും English Cinema, ഒരു ചില രംഗങ്ങൾ പ്രദർശി പ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊ പ്പം. | Teachers, SRG | English Club Management |
| | Role play, English day ആചര ണം, Seminar ചർച്ചകൾ, പ്രശസ്തമായ English കവിക ളുടെ കവിതകൾ, തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ് അടിസ്ഥാനത്തിൽ ദൃശ്യാവി ഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | English Teachers | PTA English Club |

| | | | | |
|---|---|---|---|---|
| 3. സ്വതന്ത്ര വായനയ്ക്ക് സാധ്യമായ എഴുത്തിന് സജ്ജരാക്കുക. | School English Voice, അക്ഷരകാർഡ്, പദകാർഡ് വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം. | PTA, SRG Teachers | English Club. |
| | ചിത്രവായന, ചോദ്യോത്തര നിർമ്മാണം, Public speaking, Simple Games, English പത്രവായന, പത്രവാർത്തകൾ ശേഖരിക്കൽ, ചുമർ പത്രിക, അസംബ്ലി ന്യൂസ് വായിക്കൽ. News reading Competitions. | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി. | PTA, Teachers | |
| 4. നാടകീകരണം. | English Assembly, Skit, Puppet show, English Lab | Class room പ്രവർത്തനങ്ങൾ | PTA, SRG Teachers | PTA |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം, എന്നിവ നടത്തുന്നതിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്ലാസ്. | English Club | രക്ഷിതാക്കൾ |
| 5. കവിതാലാപനത്തിനും, കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | English Audio കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | Teachers, PTA SRG | English Club |
| | കവിതാരചന ആലാപന മത്സരങ്ങൾ നടത്തുന്നു, ന്യൂസ്ബോർഡിൽ ഇട്ട് ആദരിക്കുന്നു. | വെക്കേഷൻ ശനിയാഴ്ചകൾ | Teachers, PTA SRG | English Club |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | പ്രശസ്ത കവികളുടെ ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | English Teachers | PTA Management |
| 6. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തൽ | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | Teachers, PTA, SRG | PTA, SRG മാനേജ്മെന്റ്. |
| | English Fest, English Film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | English Club | |
| 7. സംവാദ സാദ്ധ്യതകൾ സൃഷ്ടിക്കുക | Native Speakers-മായി കൂടുതൽ സമയം ചിലവഴിക്കാനും സംവാദം നടത്താനും അവസരങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/ വെക്കേഷൻ | Teachers, PTA SRG | PTA, English Club. |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, poets മുതലായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**മേഖല - അക്കാദമികം**

**ഉപ മേഖല - ഹിന്ദി**

| Sl. No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1. | HS തലത്തിലെ എല്ലാ കുട്ടികൾക്കും ഹിന്ദിയിൽ എഴുതുന്നതിനും വായിക്കുന്നതിനും തയ്യാറാക്കൽ | • വാക്കുകൾ നിർമ്മാണം. <br>• വാക്യങ്ങളുടെ നിർമ്മാണം. <br>• ഹിന്ദി അനുകൂല ക്ലാസ് റൂം പ്രവർത്തനം. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | SRG |
| 2. | രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ, വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |
| 3. | മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |

| Sl. No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ / സാമ്പത്തികം |
|---|---|---|---|---|---|
| 4. | വിവർത്തകർ, വാർത്താ വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേയ്ക്ക് പഠന യാത്രകൾ സംഘടിപ്പിക്കുന്നു. പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ. | രക്ഷിതാക്കൾ. |
| 5. | ഹിന്ദിയിൽ കവിതകൾ രചിച്ച് അതിന് അനുസരിച്ച് കൊറിയോഗ്രഫി ചെയ്യാൻ പ്രാപ്തരാക്കുക | പലതരം ഹിന്ദി കവിതകൾ പരിചയപ്പെടുത്തുന്നു. കൊറിയോഗ്രഫി ചെയ്യുന്നതിന് സഹായിക്കുന്ന വീഡിയോകൾ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ. |
| | | | | | |

Academic Master Plan. Maths

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിഭ |
| --- | --- | --- | --- | --- |
| 1 ആശയ ധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ടീച്ചേഴ്സ് ഗ്രൂപ്പ് |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർപ്രവർത്തനം | അധ്യാപകർ | |
| 3. ഗണിതം നിത്യജീവിതവുമായി ബന്ധപ്പെട്ട ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് | ഒരു ടേമിൽ ഒന്ന്. | അധ്യാപകർ P.T.A | P.T.A |
| 4) ഗണിത ആശയങ്ങളിൽ നിന്നും ഇടപെടുന്നു. ഗണിത രൂപങ്ങൾ അളവുകൾ എന്നിവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു, ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിതക്ലബ്ബ് | P.T.A |
| 5. സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർപ്രവർത്തനം | അധ്യാപകർ സംഘത്തലവൻ | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6) അധ്യാപകർ കാര്യക്ഷമമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർപ്രവർത്തനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കൽ | വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠ്യസൂത്രണം, എന്നിവ കൂടിയ പ്രവർത്തനത്തിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം മുഴുവൻ പ്രവർത്തനം | വിഷയസമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7). ഗണിതവിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിതശ്രമം : കുട്ടികൾ കൂടാതെ സമീപപ്രദേശങ്ങളിലെ അധ്യാപകരും ചേർന്ന കൂട്ടായ്മ | ശനിയാഴ്ചകളിലും, അവധിദിവസങ്ങളിലും. | ഗണിത അധ്യാപകർ | ഗണിതക്ലബ്ബ് മാനേജ്മെന്റ് |
| 8). ഗണിത മത്സര വേദിയിലേക്ക്. മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രോത്സാഹനം | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, P.T.A | P.T.A |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, P.T.A | P.T.A |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു P.T.A സ്വന്തം ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, PTA പ്രസിഡണ്ട് | |

# ACCADEMIC MASTER PLAN

വിഷയം : കെമിസ്ട്രി.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1) ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ കുട്ടികളെ കൊണ്ട് അവതരിപ്പിക്കൽ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| | 2) സ്കൂളിലെ സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2. ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 വർഷം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. ശാസ്ത്രലാബ് നവീകരണം. | ലാബിലേക്കുള്ള ഉപകരണങ്ങളും മറ്റ് സാമഗ്രികളും ഒരുക്കും പ്രത്യേകം സജ്ജീകരിക്കൽ | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചർ | — |
| 4. പഠന പിന്നാക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകർ – കുട്ടി കുട്ടി - കുട്ടി എന്നിങ്ങനെ 2 തലത്തിൽ പരിശീലനം | ആഴ്ചയിൽ 1 ദിവസം | സയൻസ് ടീച്ചർ | — |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5. ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക തയ്യാറാക്കൽ | വർഷത്തിൽ 1 പ്രാവശ്യം | സയൻസ് ടീച്ചർ | — |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026 (ഫിസിക്സ്)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അത്ഭുത കണ്ണിലൂടെ കൗതുകം ജിജ്ഞാസ നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം. ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| 2. ശാസ്ത്ര ലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള | ശാസ്ത്ര മനോഭാവമുള്ള കുട്ടികളെ കണ്ടെത്താൻ പ്രത്യേക പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.<br>ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| 3. ഹൈടെക് ലേർഡ്:- | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം<br>സയൻസ് ലാബ്, ഐ.ടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 4. ആരോഗ്യരേഖ :- പരിസ്ഥിതി സൗഹൃദ | കുട്ടികളുടെ ആരോഗ്യ രേഖ സൂക്ഷിക്കുന്നു. | | | |

| | | | | |
|---|---|---|---|---|
| മനോഭാവം വളർത്തുക. | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമിക്കൽ.<br>സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ് ഹരിതസേന സീഡ് | കൃഷി, വകുപ്പ് ഹരിതസേന സീഡ് |
| 5) വൈജ്ഞാനിക ബഹിർസ്ഫുരണം: അന്വേഷണത്വര വർധിപ്പിക്കാൻ നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യകളും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു.<br>സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

# സോഷ്യൽ സയൻസ് അക്കാദമിക മാസ്റ്റർ പ്ലാൻ : 2025 - 2026

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | കാടും മേടും : ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിൽ ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിലെ നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. | ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം മൂല്യബോധം ഇവ വളർത്തുക | ഒന്നായി നമ്മൾ : സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ സുമനസ്സുകൾ |
| 3. | സമൂഹശാസ്ത്രത്തിന്റെ പരിജ്ഞാന നിരീക്ഷണം വളർത്തുക. | സ്റ്റാർട്ട് അപ്പ് : സമൂഹശാസ്ത്ര ലാബുകൾ കേന്ദ്രീകരിക്കുന്നു. ആകാശ കാഴ്ചകൾ, കണക്കും മറ്റും ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 4. | മതേതരത്വം, സഹിഷ്ണുത മുതലായവ വളർത്തിയെടുക്കുന്ന സർഗാത്മക പ്രവർത്തനത്തിലൂടെ വളർത്തുക. സാമൂഹ്യ പരിഷ്കരണ ആശയങ്ങളെ പരിചയപ്പെടുക. | ചരിത്രം ഉണരുന്ന മണ്ണിലൂടെ: സർവ്വേ, പ്രോജക്റ്റ്, ചർച്ചകൾ സംവാദം, ക്വിസ്സുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ്. |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 5 | ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥാനനിർണ്ണയം നടത്തുവാൻ പരിശീലിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | പട്ടിപ്പാതയിലൂടെ: ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നു. അറ്റ്ലസ്, മാപ്പുകൾ ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 6 | കുട്ടികളിൽ ഉന്നത വിജ്ഞാനം കൈവരിക്കുവാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക. | മൈ സിനിമ നിർമ്മാണം: സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതു വിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. വീഡിയോ പ്രദർശനം, പ്രോജക്ട് വർക്ക് etc. ചരിത്ര സിനിമ പ്രദർശനം | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 7 | വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, വൃത്തങ്ങൾ ഇവയെല്ലാം പഠിപ്പിക്കുക എന്ന ലക്ഷ്യം. | ചരിത്ര തൊട്ടാരം: വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ കേന്ദ്രീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

# Accademic Master plan.

Subject :- Physical Education.
2025 - 2026

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1. കുട്ടികളിൽ യോഗയെ കുറിച്ച് അറിവ് ഉണ്ടാക്കുക. വ്യായാമശീലം വളർത്തുക. | 1. June 21 യോഗ ദിനം/ യോഗയെക്കുറിച്ച് അവബോധം ഉണ്ടാക്കുകയും ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുക. 2. പ്രോജക്ടുകൾ ഒന്നായും, തനിച്ചും യോഗ ആസനങ്ങൾ അവതരിപ്പിക്കൽ | വർഷത്തിൽ 1 തവണ | യോഗ ക്ലബ്. | – |
| 2. കുട്ടികളിൽ കായിക രംഗത്തെ കുറിച്ച് അറിവ് വളർത്തൽ. താൽപ്പര്യം വളർത്തൽ. | 1. August 29th കായിക ദിനം. കായിക ദിനത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങളും സംഘടിപ്പിക്കൽ. 2. കായിക ക്വിസ് കോമ്പറ്റീഷൻ. | വർഷത്തിൽ 1 തവണ. | Sports Club | – |
| 3. കുട്ടികളെ കായിക മത്സരങ്ങളിൽ പങ്കെടുപ്പിക്കുക. | 1. സ്കൂളിൽ തന്നെ സ്പോർട്സ് സംഘടിപ്പിക്കുക. അതിലൂടെ കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക. | വർഷത്തിൽ 1 തവണ. | കായികാധ്യാപകനും മറ്റ് ടീച്ചർമാരും. | P.T.A |
| 4. വിജയികളെ അഭിനന്ദിക്കുന്നതിലൂടെ കുട്ടികളിൽ വിജയിക്കാൻ ഉള്ള അഭിലാഷം വളർത്തൽ. | 1. കായിക രംഗത്ത് നേട്ടങ്ങൾ കൈവരിച്ച വിദ്യാർത്ഥികളെ പ്രത്യേകം അഭിനന്ദിക്കുകയും മെഡൽ, വിവിധ സമ്മാനങ്ങൾ തുടങ്ങിയവ നൽകുക. | വർഷത്തിൽ 1 തവണ | കായികാധ്യാപകൻ. | P.T.A |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26’

മേഖല : അക്കാദമികം

ഉപ മേഖല : **BIOLOGY**

| Sl.No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തു ണ/സാമ്പത്തികം | മൂല്യനിർണയം |
|---|---|---|---|---|---|---|
| 1 | അന്യമായിക്കൊണ്ടിരിക്കുന്ന കാർഷികസംസ്കൃതിയെ വീണ്ടെടുക്കൽ ,പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ. | സ്കൂൾ ക്യാമ്പസിൽ പഴംപച്ചക്കറിത്തോട്ടം, ഓഷധത്തോട്ടം,ജൈവവൈവിധ്യ പാർക്ക് ,ശാസ്ത്രീയ നാമം, പ്രാദേശിക നാമം, വർ ഗ്ഗീകരണം മുതലായവ രേഖപ്പെടുത്തൽ വഴി 'പ്രകൃതി തന്നെ പാഠ പുസ്തകം ' ആയി മാറുന്നു. | ഒരു വർഷം | ശാസ്ത്രാധ്യാപകർ | കൃഷിഭവൻ, കർഷകർ,,SMC, PTA | |
| 2 | മാലിന്യമുക്ത - ആരോഗ്യ ശുചിത്വവിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം. | പരിസര ശുചീകരണം, ശുചിത്വ ബോധവൽ ക്കരണം, കൊളാഷ്,കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ്സ്, വൈദ്യപരിശോധന, ജീവിതശൈലീരോഗ ങ്ങളുമായി ബന്ധപ്പെട്ട ക്ലാസ് (ഫാസ്റ്റ് എയ്ഡ്)വിവിധ ഡിവിഷനുകളിൽ/വാർ ഡുകളിൽ ആരോഗ്യ സർവേ | യഥാസമ യങ്ങളിൽ | ശാസ്ത്രാധ്യാപകർ | ആരോഗ്യ വകുപ്പ്,ICDS | |
| 3 | പ്രയാസമേറിയ ശാസ്ത്രപാഠഭാഗങ്ങൾ മനസ്സിലാകാനുതകുന്ന വർ ക്ക്ഷീറ്റുകൾ തയ്യാറാക്കൽ. | ഭിന്ന നിലവാരക്കാർക്കും ഭിന്നശേഷിക്കാർ ക്കും പ്രത്യേകം വർക്ക് ,ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു .സ്വയം ചെയ്യൽ, ഗ്രൂപ്പിൽ ചെയ്യൽ | യഥാസമ യങ്ങളിൽ | ശാസ്ത്രാധ്യാപകർ | SRG | |
| 4 | ശാസ്ത്ര പഠനത്തിന് നൂതന | പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, | എല്ലായ് | SITC, JSITC LITTLE KITE, | | |

| | | | | | | |
|---|---|---|---|---|---|---|
| | ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ | വീഡിയോ, ആനിമേഷൻ, ,വെർച്ചൽ പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത് ,സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണത്തിനും ആശയ വിനിമയത്തിനുമായി ഉപയോഗിക്കൽ. | പ്പോഴും | SCERT | | |
| 5 | ശാസ്ത്ര വിദഗ്ധരുമായുള്ള അഭിമുഖവും പാരസ്പര്യവും ,വ്യവസായശാലകൾ, ശാസ്ത്ര കേന്ദ്രങ്ങൾ എന്നിവ സന്ദർ ശിക്കൽ,സ്കോളർഷിപ്പ് പരീക്ഷകൾക്ക് (LSS,USS,NMMS) പരിശീലനം ,ശാസ്ത്ര പഠനം രസകരമാക്കാനും ,ശാസ്ത്ര തൽപരതയുണർത്താനും. | ശാസ്ത്ര ദിനാചരണങ്ങൾ മുൻ കുട്ടിയുള്ളആസൂത്രണത്തോടെ ചെയ്യുക .സ്പെസിമെൻ ശേഖരണം നിർമ്മാണം,ശാസ്ത്രപ്പതിപ്പുകൾ, കൊളാഷ്, ചാർട്ടുകൾ തയ്യാറാക്കൽ. | യഥാസമയങ്ങളിൽ | ശാസ്ത്രാധ്യാപകർ | | |
| | | | | | | |

# ഉപസംഹാരം

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുട്ടിയിൽ തിരിച്ചറിവും വകതിരിവും രൂപപ്പെടുത്തലാണ് . മറ്റെല്ലാം ഇതിൽഅന്തർലീനമാണ് . ഒരു കാലത്ത് വിദ്യാഭ്യാസം വിവരശേഖരണത്തിനും വിനിമയത്തിനുമുള്ളത് മാത്രമായിരുന്നു. അറിവ്അവബോധശത്തിന്റെ തലത്തിലേയ്ക്ക് ഉയർന്നത് കുറഞ്ഞപക്ഷം സ്കൂളുകളിൽ എങ്കിലും ഈ അടുത്തകാലത്ത് മാത്രമാണ്.അത് സമൂഹത്തിന്റെ ആവശ്യകതയും മുൻഗണനാക്രമവും കാരണമായിട്ടുണ്ട് .

ഒരു കാലത്ത് എല്ലാം പാഠപുസ്തകമായിരുന്നു.അതിനപ്പുറത്തുള്ള കാഴ്ചകൾ കുട്ടിയ്ക്ക്അന്യമായിരുന്നു. അറ്റ് സോഴ്സുകളും വിരളം . എന്നാൽ ഇന്ന് കാലം മാറി. അദ്ധ്യാപകൻ ഒരു പ്രേരകശക്തിയായുംമെന്ററായും ഉയർന്നു. കുട്ടി ഒരു അന്വേഷകനായി . വിദ്യാലയം സാമൂഹ്യവൽക്കരണത്തിനുള്ള ഏജൻസിയായി.അവിടെയാണ് ആസൂത്രണത്തിന്റെയും ബുദ്ധിപരമായ പ്രയോഗങ്ങളുടെയും പ്രസക്തി .

ഗുണമേന്മയുള്ള വിദ്യാഭ്യാസംകുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെസാധിക്കും എന്ന വിശ്വാസമാണ്ഞങ്ങൾക്കുള്ളത്. ഞങ്ങൾ വരാപ്പുഴ ഹോളി ഇൻഫന്റ്സ് ഹൈസ്കൂളിലെ സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് അഭിമാനപുരസരംഈ അക്കാദമിക് മാസ്റ്റർ പ്ലാൻ പൊതുസമൂഹസമക്ഷം അവതരിപ്പിക്കുന്നു.